പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8106 | 17.07.2014- ൽ മറുപടിക്ക് |
|---|---|

മുനമ്പം സർക്കാർ ആശുപത്രിയുടെ ഭാഗമായുള്ള ക്വാർട്ടേഴ്സുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മുനമ്പം സർക്കാർ ആശുപത്രിയുടെ ഭാഗമായി, ഡോക്ടർമാർക്ക് വേണ്ടി നിർമ്മിച്ച ക്വാർട്ടേഴ്സുകൾ ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയാണെന്നും എത്ര തുകയാണ് നിർമ്മാണചെലവെന്നും ഏത് വർഷത്തിലാണ് നിർമ്മാണം പൂർത്തിയാക്കിയതെന്നും വ്യക്തമാക്കാമോ; | എ) | വൈപ്പിൻബ്ലോക്ക് പഞ്ചായത്താണ് ക്വാർട്ടേഴ്സ് നിർമ്മാണം നടത്തിയത്. ആയതിനാൽ ആരോഗ്യവകുപ്പിൽ ഫണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ല. 2005-ൽ ആണ് ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയായത്. |
| ബി) | ഈ ക്വാർട്ടേഴ്സുകൾ പൂർണ്ണമായും താമസയോഗ്യമാണോ; ഇല്ലെങ്കിൽ പോരായ്മകൾ വിശദീകരിക്കാമോ; | ബി) | അല്ല. വാട്ടർ വൈദ്യുതി കണക്ഷനുകൾ ഇല്ല. 2005-ൽ പൂർത്തീകരിച്ചതുകൊണ്ട് ഏതാണ്ട് 9 വർഷം പൂട്ടിയിട്ടതിന്റെ അറ്റകുറ്റപണികൾ കാണുന്നുണ്ട്. |
| സി) | ഈ കെട്ടിടങ്ങൾ ഇപ്പോൾ ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലാണോ; അല്ലെങ്കിൽ വിശദീകരിക്കാമോ; | സി) | പണി ഭാഗികമായി (വാട്ടർ, വൈദ്യുതി കണക്ഷൻ ഇല്ലാത്തതുകൊണ്ട്) തീർന്നിട്ടുള്ള കെട്ടിടം ആരോഗ്യവകുപ്പിന് കൈമാറിയതായി രേഖകൾ ഒന്നും ഇല്ല. വാട്ടർ കണക്ഷൻ എടുക്കുന്നതിന് ബ്ലോക്ക് വഴി ലഭിച്ച സർട്ടിഫിക്കറ്റിൽ നിലവിൽ പ്രസ്തുത ക്വാർട്ടേഴ്സ് കെട്ടിടം കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട പുറമ്പോക്ക് റീസർവ്വേ 127/8-ലാണ് സ്ഥിതി ചെയ്യുന്നത് എന്നാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ കുഴുപ്പിള്ളി വില്ലേജാഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) | ഈ കെട്ടിടങ്ങളിൽ വൈദ്യുതി, കുടിവെള്ളം, എന്നിവ ലഭിക്കുന്നതിനുള്ള നടപടി | ഡി) | ആശുപത്രികളിൽവികസനസമിതിയുടെ തീരുമാനമനുസരിച്ച് വാട്ടർ, വൈദ്യുതി കണക്ഷനുകൾ എടുക്കുന്നതിനുള്ള ചെലവ് ആശുപത്രി |

| | | | |
|---|---|---|---|
| | സ്വീകരിക്കുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്നും ഇതുവരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ? | | വികസന സമിതി ഫണ്ടിൽ നിന്നും കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വികസന സമിതിയുടെ ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്. |

**സെക്ഷൻ ഓഫീസർ**